**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724** **29-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് നിയന്ത്രണങ്ങളും ബാങ്ക് വായ്പകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് നിയന്ത്രണങ്ങൾ കാരണം ബാങ്ക് വായ്പകൾ യഥാസമയം തിരിച്ചടക്കാൻ സാധിക്കാത്തതിനാൽ വ്യാപാരികളുടെ ക്രെഡിറ്റ് സ്കോറിൽ ഇടിവ് വരുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | കോവിഡ് പ്രതിസന്ധിയെ തുടർന്ന് 2020 ൽ അനുവദിക്കപ്പെട്ട മോറട്ടോറിയം മൂലം വ്യാപാരികളുടെ വായ്പ്പകളിൻമേൽ ബാങ്കുകൾ വരുത്തുന്ന മാറ്റങ്ങൾ, ഉപഭോക്താക്കളുടെ ക്രെഡിറ്റ് ഹിസ്റ്ററിയെ ബാധിക്കാതിരിക്കാൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് റിസർവ്വ് ബാങ്ക് നിർദേശം നൽകിയിട്ടുണ്ട്. കോവിഡ് -19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചിട്ടുണ്ട്. രണ്ടു വർഷം വരെ മോറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരവും ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും, ബാങ്കുകൾ റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. മോറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കണമെന്ന് റിസർവ്വ് ബാങ്ക് ഗവർണറോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. 2021 ലെ കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്ന് റിസർവ്വ് ബാങ്ക് പുറത്തിറക്കിയ Resolution Framework - 2 ൽ ബാങ്കുകൾ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുന്ന ഉപഭോക്താളുടെ ക്രെഡിറ്റ് ഹിസ്റ്ററിയിൽ "restructured due to COVID-19" എന്ന് തന്നെ രേഖപ്പെടുത്തണമെന്ന് പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. |
| (ബി) | ക്രെഡിറ്റ് സ്കോറിൽ ഇടിവ് വരുന്നത് കാരണം വ്യാപാരികൾക്ക് ഭാവിയിൽ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുവാൻ സാധിക്കാത്ത ഗുരുതരമായ അവസ്ഥ കണക്കിലെടുത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുവാൻ സർക്കാർ ശ്രമിക്കുമോ? | (ബി) | കോവിഡ് പ്രതിസന്ധിയെ തുടർന്ന് 2020 ൽ അനുവദിക്കപ്പെട്ട മോറട്ടോറിയം മൂലം വ്യാപാരികളുടെ വായ്പ്പകളിൻമേൽ ബാങ്കുകൾ വരുത്തുന്ന മാറ്റങ്ങൾ, ഉപഭോക്താക്കളുടെ ക്രെഡിറ്റ് ഹിസ്റ്ററിയെ ബാധിക്കാതിരിക്കാൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് റിസർവ്വ് ബാങ്ക് നിർദേശം നൽകിയിട്ടുണ്ട്. കോവിഡ് -19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചിട്ടുണ്ട്. രണ്ടു വർഷം വരെ മോറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരവും ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും, ബാങ്കുകൾ റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. മോറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റിസർവ്വ് ബാങ്ക് ഗവർണറോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. 2021 ലെ കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്ന് റിസർവ്വ് ബാങ്ക് പുറത്തിറക്കിയ Resolution |

| | | | |
|---|---|---|---|
| | | | Framework - 2 ൽ ബാങ്കുകൾ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുന്ന ഉപഭോക്താളുടെ ക്രെഡിറ്റ് ഹിസ്റ്ററിയിൽ "restructured due to COVID-19" എന്ന് തന്നെ രേഖപ്പെടുത്തണമെന്ന് പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ